<u>കോവിഡ് കാലത്തു മാതൃകയായി ഭരണങ്ങാനം പഞ്ചായത്തിലെ സി.ഡി.എസ്</u>

ബ്ലോക്ക് - ളാലം

സി.ഡി.എസ്സ് - ഭരണങ്ങാനം

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി തുടക്കം കുറിച്ച കുടുംബശ്രീ ഇന്ന് കേരളത്തിലെ എല്ലാ മേഖലകളിലും തന്റേതായ വിജയഗാഥ തീർത്തു മുന്നേറിക്കൊണ്ടിരിക്കുന്നു.എത്ര വലിയ ഉത്തരവാദിത്വങ്ങളും ഏറ്റെടുത്തു വിജയത്തിലേക്ക് കൊണ്ടുപോകാൻ ഇന്ന് എല്ലാ കുടുംബശ്രീ അംഗങ്ങളും തയ്യാറായിക്കഴിഞ്ഞു.

ലോകത്തെ ഒന്നടങ്കം ഭീതിയിലാഴ്ത്തിയ കോവിഡ് 19 നമ്മുടെ കേരളത്തിനും ഭീഷണിയായി നിൽക്കുകയാണ്.എന്നാൽ ഒട്ടും പകക്കാതെ കോവിഡിനെ തുരത്താൻ കേരളത്തിലെ സർക്കാരിനും ആരോഗ്യ പ്രവർത്തകർക്കും ഒപ്പം കുടുംബശ്രീയും മുന്നിൽ തന്നെ നിന്നു.

എല്ലാ സി .ഡി.എസ്സുകളെയും പോലെത്തന്നെ ഭരണങ്ങാനം സി.ഡി.എസ്സും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയും നല്ലരീതിയിൽ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നു.

<u>കമ്മ്യൂണിറ്റി കിച്ചൺ</u>

കോവിഡ് 19 സമയത്തു ചെയ്ത മികച്ച പ്രവർത്തനങ്ങളിൽ ഒന്നാണ് ഭരണങ്ങാനം കമ്മ്യൂണിറ്റി കിച്ചൺ.

പഞ്ചായത്തിന്റെ സഹകരണത്തോടെ കുടുംബശ്രീ സംരംഭം ആയ 'കുടുംബശ്രീ നാടൻ ഭക്ഷണശാല ' അംഗങ്ങളാണ് ഭക്ഷണം പാകം ചെയ്തു വിതരണം ചെയ്യുന്നത്. ഭരണങ്ങാനം ചെയർ പേഴ്സൺ ശ്രീമതി സുധ ഷാജിയും അക്കൗണ്ടന്റ് ആയ സന്ധ്യയും ഇതിനു നേതൃത്വം കൊടുക്കുന്നു. ഈ യൂണിറ്റ് തന്നെ ജനകീയ ഹോട്ടൽ ആക്കി മാറ്റിയാണ് നിലവിൽ ഭക്ഷണം കൊടുക്കുന്നത്. 20 രൂപക്ക് ഉച്ചയൂണ് നൽകുന്നതോടൊപ്പം തന്നെ ഭക്ഷണത്തിനു ബുദ്ധിമുട്ടുള്ളവർക്ക് ഫ്രീ ആയും ഭക്ഷണം നൽകുന്നുണ്ട്. ഭരണങ്ങാനം സി.ഡി.എസ്സ് അക്കൗണ്ട് ആയ സന്ധ്യ ഒരുദിവസത്തെ കമ്മ്യൂണിറ്റി കിച്ചണു ആവശ്യമായ സാധനങ്ങൾ സ്പോൺസർ ചെയ്തു.



## <u>മാസ്ക് നിർമാണവും വിതരണവും</u>

ഭരണങ്ങാനം സിഡി എസ്  ലെ തയ്യൽ സംരംഭകർ കോട്ടൺ മാസ്കുകൾ ഉണ്ടാക്കി ആരോഗ്യപ്രവർത്തകർ,  പൊതു പ്രവർത്തകർ, തൊഴിലുറപ്പുകാർ എന്നിവർക്ക് ഓർഡർ അനുസരിച്ചു നൽകിവരുന്നു.

## <u>സന്നദ്ധസേന രെജിസ്ട്രേഷൻ</u>

കമ്മ്യൂണിറ്റി കിച്ചനിലും മറ്റുമായി സേവനത്തിൽ ഏർപ്പെട്ടിരുന്ന കുടുംബശ്രീ അംഗങ്ങൾ സന്നദ്ധ സേന  രെജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്.

## <u>മറ്റു പ്രവർത്തനങ്ങൾ</u>

കോവിഡ് സമയത്ത് കുടുംബശ്രീ ജില്ലാ മിഷൻ സംഘടിപ്പിച്ച ജൈവാംഗണം എന്ന കാർഷിക മത്സരത്തിലും ഓൺലൈൻ പാചക മത്സരത്തിലും കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു.

ആശ്രയ ഉപഭോക്താക്കളുടെ വീടുകളിൽ പോയി അവരുടെ ആവശ്യങ്ങൾ ചോദിച്ചു മനസിലാക്കുകയും കിറ്റുകൾ വീടുകളിൽ എത്തിച്ചു കൊടുക്കുകയും ചെയ്തു. കമ്മ്യൂണിറ്റി കിച്ചണിലേക്കു  കുടുംബശ്രീ അംഗങ്ങൾ പലചരക്കുകളും പച്ചക്കറികളും നൽകി. ക്വാറന്റൈൻ കഴിയുന്ന ആളുകളെയും പ്രായം  ചെന്ന് ഒറ്റക്ക് താമസിക്കുവരെയും എല്ലാ   ദിവസവും ഫോൺ വഴി  വിവരങ്ങൾ തിരക്കുന്നു. വിദേശങ്ങളിൽ നിന്ന് വന്നവർക്കുള്ള

ക്വാറന്റൈൻ  ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽ ആണ് ഒരുക്കിയത് ഇവർക്കുള്ള ഭക്ഷണം കൊടുക്കുന്നതും സി.ഡി.എസ് ന്റെ മേൽനോട്ടത്തിലാണ്.







പാർവതി രാജേഷ്

എം.ഇ ആൻഡ് മാർക്കറ്റിങ് ബി.സി

ളാലം ബ്ലോക്ക്